പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 948 — 10.02.2016 ന് മറുപടിയ്ക്ക്.

# സർക്കാർ ഐ.ടി.ഐ.കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. സാജു പോൾ :<br>ശ്രീ. ആർ. രാജേഷ് :<br>ശ്രീ. ബി.സത്യൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഐ.ടി.ഐ.കൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡം പാലിച്ച് എൻ.സി.വി.ടി. റീ-അഫിലിയേഷൻ നേടിയെടുക്കാൻ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; എത്ര ഐ.ടി.ഐ.കളിൽ മാനദണ്ഡപ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും വർക്ക്ഷോപ്പും ഉണ്ട്; | (എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള 37 ഐ.ടി.ഐ. കളിൽ QCI-യുടെ മാനദണ്ഡം പാലിച്ച് ടി ഐ.ടി.ഐ.കൾക്ക് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു:-<br><br>2014-15 സാമ്പത്തിക വർഷം റീ-അഫിലിയേഷനുവേണ്ടി 11.46 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്ന് ലഭിച്ചതു പ്രകാരം 17 ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് ഡി.ജി.റ്റി.യുടെ നിലവിലുള്ള എൻ.സി.വി.റ്റി സിലബസ് പ്രകാരമുള്ള യന്ത്രസാമഗ്രികളും മറ്റു പഠനോപകരണങ്ങളും സംഭരിച്ച് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2015-16 സാമ്പത്തിക വർഷം റീ-അഫിലിയേഷനുവേണ്ടി 15 കോടി രൂപ സർക്കാർ അനുവദിച്ചതിൻ പ്രകാരം 26 ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക്/ യൂണിറ്റുകൾക്ക് ഡി.ജി.റ്റി.യുടെ നിലവിലുള്ള എൻ.സി.വി.റ്റി സിലബസ് പ്രകാരമുള്ള യന്ത്രസാമഗ്രികളും മറ്റു പഠനോപകരണങ്ങളും സംഭരിച്ച് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നടപ്പു സാമ്പത്തിക വർഷത്തിൽ ഇലക്ട്രിഫിക്കേഷനായി 8 കോടി രൂപ വിവിധ ഐ.ടി.ഐ.കൾക്ക് അനുവദിച്ചിട്ടുണ്ട്. |

റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള കണ്ണൂർ (വനിത) ഐ.ടി.ഐ. യിൽ QCI-യുടെ മാനദണ്ഡ പ്രകാരമുള്ള പഠനോപകരണങ്ങളും, യന്ത്രസാമഗ്രികളും, വർക്ക്ഷോപ്പും ഉണ്ട്. ടി ഐ.ടി.ഐ.യ്ക്ക് റീ-അഫിലിയേഷൻ നേടുന്നതിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) 2015-16 - ൽ കൂടി മാത്രം റീ-അഫിലിയേഷൻ കൂടാതെ എല്ലാ സർക്കാർ ഐ.ടി.ഐ.കൾക്കും പ്രവേശനം നൽകാൻ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് അനുമതി നൽകിയ സാഹചര്യത്തിൽ 2016-17 -ലെ വിദ്യാർത്ഥി പ്രവേശനം സാദ്ധ്യമാകുമോ ;

(ബി) സാധ്യമാകും. റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള ഐ.ടി.ഐ. കളിൽ നിലവിലുള്ള സാഹചര്യത്തിൽ ഡി.ജി.റ്റി.യുടെ അനുമതി ഇല്ലാതെ തന്നെ ആഗസ്റ്റ് 2016 സെഷനിൽ വിദ്യാർത്ഥി പ്രവേശനം നടത്തുവാൻ സാധിക്കുന്നതാണ്. എന്നാൽ ടി ഐ.ടി.ഐ. കളിൽ ആഗസ്റ്റ് 2016 സെഷനിൽ അഫിലിയേഷനുള്ള ട്രേഡുകളിൽ പ്രവേശനം നേടി വിജയകരമായി പരിശീലനം പൂർത്തിയാക്കി പരീക്ഷ വിജയിക്കുന്നവർക്കുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നത് ഡി.ജി.റ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും.

(സി) ഒരു സർക്കാർ ഐ.ടി.ഐ.ക്കും റീ-അഫിലിയേഷൻ ലഭിക്കാത്ത നിലവിലെ സാഹചര്യം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കാതിരിക്കാനായി എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നെന്ന് വ്യക്തമാക്കാമോ?

(സി) റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് നിലവിലുള്ള എൻ.സി.വി.റ്റി സിലബസ് അനുസരിച്ച് പഠനോപകരണങ്ങളും, യന്ത്രസാമഗ്രികളും സംഭരിക്കുന്നതിനും വർക്ക്ഷോപ്പ് സജ്ജമാക്കുന്നതിനുമുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ